# Deepika

## 27 August 2018

## Kochi; After Flood, Disaster Cleaning



പ്രളയ ദുരന്തം: 22 പഞ്ചായത്തുകൾ റെഡ് സോൺ

# മൂന്നു ദിവസത്തിനകം ശുചീകരണം പൂർത്തിയാക്കാൻ നടപടി

- ജെസിബി പോലുള്ള വാഹനങ്ങൾക്ക് അധിക വാടക ഈടാക്കുന്നവർക്കെതിരേ കർശന നടപടി
- നേവൽ വോളണ്ടിയർമാരും ശുചീകരണത്തിന്

കൊച്ചി: ജില്ലയിൽ പ്രളയം രൂക്ഷമായി ബാധിച്ച 22 പഞ്ചായത്തുകളിൽ ശുചീകരണ പ്രവർത്തനങ്ങൾക്ക് തുടക്കംകുറിച്ചു. മൂന്നു ദിവസത്തിനകം ശുചീകരണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ ഊർജിത നടപടികൾക്ക് ജില്ലാ കളക്ടർ മുഹമ്മദ് സഫിറുള്ളയുടെ അധ്യക്ഷതയിൽ ചേർന്ന അവലോകന യോഗം രൂപം നൽകി. ആരോഗ്യപ്രശ്നങ്ങളും ശുചീകരണ പ്രശ്നങ്ങളും രൂക്ഷമായ 22 പഞ്ചായത്തുകളെ റെഡ് സോണായി പ്രഖ്യാപിച്ചാണ് നടപടികൾക്ക് രൂപം നൽകിയത്. ഈ പഞ്ചായത്തുകളിലാണ് ശുചീകരണത്തിന് മുൻഗണന നൽകുന്നത്. വലിയ തോതിൽ മാലിന്യം അടിഞ്ഞുകൂടിയിട്ടില്ലാത്ത പഞ്ചായത്തുളെ യെല്ലോ, ഗ്രീൻ സോണുകളായി പ്രഖ്യാപിച്ചിട്ടുണ്ട്.

പ്രളയക്കെടുതിയിൽ ചത്ത മൃഗങ്ങളുടെ ജഡം സംസ്കരിക്കുന്നതിന് പ്രാധാന്യം നൽകും. പൊതു സ്ഥലങ്ങളുടെ ശുചീകരണവും അടിയന്തരമായി പൂർത്തിയാക്കും. വീടുകളുടെയും ആളുകൾ ഒഴിഞ്ഞുപോയ ക്യാമ്പുകളുടെയും ശുചീകരണവും പരമാവധി വേഗത്തിൽ പൂർത്തിയാക്കാൻ കളക്ടർ നിർദേശിച്ചു.

ശുചീകരണപ്രവർത്തനങ്ങൾക്കാവശ്യമായ ജെസിബി, ഹിറ്റാച്ചി പോലുള്ള യന്ത്രവാഹനങ്ങൾക്ക് അമിത വാടക ഈടാക്കുന്നവർക്കെതിരേ കർശന നടപടിയുണ്ടാകും.

നിലവിലുള്ള പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ഡോക്ടറുടെ സേവനത്തിനു പുറമേ 22 ഡോക്ടർമാർ 22 പഞ്ചായത്തുകളിൽ ഇന്നു മുതൽ സേവനമാരംഭിക്കും. സബ്സെന്ററിലോ പഞ്ചായത്ത് നിർദേശിക്കുന്ന സ്ഥലത്തോ ആയിരിക്കും ഡോക്ടറുടെ സേവനം ലഭ്യമാക്കുക. ബ്ലീച്ചിംഗ് പൗഡർ, ഗ്ലൗസ്, ഗം ബൂട്ട് തുടങ്ങിയവയ്ക്ക് ജില്ലയിൽ ക്ഷാമമില്ലെന്ന് കളക്ടർ അറിയിച്ചു. 24 ടൺ ബ്ലീച്ചിംഗ് പൗഡർ ആരോഗ്യ വകുപ്പിന്റെ മേൽനോട്ടത്തിലുണ്ട്. ഇത് ആവശ്യാനുസരണം വിതരണം ചെയ്യും.

മഞ്ഞുമ്മലിലെ കെഎംസിഎലിന്റെ ഗോഡൗണിലും ബ്ലീച്ചിംഗ് പൗഡർ ലഭ്യമാണ്. അതാത് പ്രദേശത്തെ സർക്കാർ ആശുപത്രി വഴി ബന്ധപ്പെട്ടാൽ ഇത് ലഭിക്കും. ആയിരം ഗം ബൂട്ടുകൾ സ്റ്റോക്കുണ്ട്. പഞ്ചായത്തുകളിൽ 30 മുതൽ 40 എണ്ണം വരെ വീതം ഇവ വിതരണം ചെയ്തിട്ടുണ്ട്.

ഒരു ലക്ഷത്തിലധികം ഗ്ലൗസുകളും ലഭ്യമാണ്. ഇവ ഉപയോഗിച്ച് ശുചീകരണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. ജനറേറ്റർ, മോപ്പറുകൾ എന്നിവ ലഭിക്കാൻ ബുദ്ധിമുട്ട് നേരിടുന്നുണ്ട്. 35 മോട്ടോർ പമ്പ് സെറ്റ് ലഭ്യമാക്കിയിട്ടുണ്ട്. ജെസിബി, ടിപ്പർ ലോറി, ജെറ്റ് പമ്പുകൾ, ടാങ്കർ ലോറി എന്നിവയും ആവശ്യത്തിന് ലഭ്യമാക്കുന്നുണ്ട്. പ്രളയം രൂക്ഷമായിരുന്ന പറവൂരിൽ അഞ്ച് പമ്പ് സെറ്റുകളും മറ്റു പഞ്ചായത്തുകൾക്ക് ഓരോ പമ്പ് സെറ്റ് വീതവും നൽകും.

ഇരുപതിലധികം ജെസിബികൾ മൃഗങ്ങളുടെ ജഡം നീക്കാൻ ഉപയോഗിക്കുന്നുണ്ട്. പോലീസിന്റെ നേതൃത്വത്തിലും ശുചീകരണ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. പോലീസിന്റെ സേവനം ആവശ്യമെങ്കിൽ പഞ്ചായത്ത് സെക്രട്ടറി അക്കാര്യം അറിയിക്കണം. പോലീസിന്റെ നേതൃത്വത്തിൽ പത്ത് സ്ഥലങ്ങളിൽ 1000 കുടിവെള്ള കിയോസ്കുകൾ സ്ഥാപിച്ചിട്ടുണ്ട്. ആയിരം പോലീസുകാരാണ് ശുചീകരണത്തിനിറങ്ങിയിട്ടുള്ളത്.